## കേരള സർക്കാർ

### സംഗ്രഹം

വ്യവസായ വകുപ്പ് -കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - ഖാദി ബോർഡിൽ നിന്നും സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവ ടെണ്ടർ/ക്വട്ടേഷൻ കൂടാതെ തേൻ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### വ്യവസായ (കെ) വകുപ്പ്

സ.ഉ (സാധാ) നമ്പർ.467/2018/വ്യവ — തിരുവനന്തപുരം, തീയതി: 21/04/2018

---

പരാമർശം:- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 08/01/2018 തീയതിയിലെ കെ.ബി.10659/2017/വി.ഐ(ഹണി) നമ്പർ കത്ത്.

### ഉത്തരവ്

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ തേൻ സംസ്കരണ യൂണിറ്റുകളിൽ കൂടുതൽ ഉല്പാദനക്ഷമത കൈവരിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാരിന്റെ വകുപ്പുകൾ, ഔഷധി പോലുള്ള സർക്കാർ കോർപ്പറേഷനുകൾ, മറ്റ് ഗവൺമെന്റ് ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേരളാ ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ക്വട്ടേഷൻ/ടെൻഡർ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കി നേരിട്ട് തേൻ വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് ഖാദി ബോർഡ് സെക്രട്ടറി പരാമർശ പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിൽ ഉള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേരളാ ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ക്വട്ടേഷൻ/ടെൻഡർ വ്യവസ്ഥകൾ ഒഴിവാക്കി ഗുണമേന്മ ഉറപ്പ് വരുത്തിക്കൊണ്ട് നേരിട്ട് തേൻ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എൽ.റ്റി.സന്തോഷ് കുമാർ**

**അണ്ടർ സെക്രട്ടറി**

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം തിരുവനന്തപുരം

വിവര-പൊതുജനസമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ